**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 198** **04-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ഹോർട്ടികൾച്ചർ ഹബ്ബാക്കി മാറ്റാൻ സഹകരണ മേഖലയിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിൽ വൻ മുന്നേറ്റം ലക്ഷ്യമിട്ട് വിവിധ മേഖലകളിൽ സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ ഭാഗമായി സംസ്ഥാനത്തെ ഹോർട്ടികൾച്ചർ ഹബ്ബാക്കി മാറ്റുന്നതിന് സഹകരണ മേഖലയിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. കേരളത്തിന്റെ കാർഷിക-കാലാവസ്ഥാ വൈവിധ്യം കണക്കിലെടുത്ത് കേരളത്തെ ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ ഹബ്ബ് ആക്കാൻ വിഭാവനം ചെയ്യുന്ന പുതിയ പദ്ധതിയാണ് 'ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ ഹബ്ബായി കേരളം'. നടീൽ വസ്തുക്കളുടെ വിതരണം, പഴവർഗങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കൽ, മൂല്യവർധിത യൂണിറ്റുകളുടെ രൂപീകരണം എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. ശേഷിയുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ (പി.എ.സി.എസ്) മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഏകദേശം എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നുവെന്നും അതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ; | (ബി) | 2025-26 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്ന ടി പദ്ധതി സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിക്കായുള്ള സഹകരണ സംരംഭകത്വം (CITA) എന്ന പദ്ധതിയിൽ ഒരു ഉപഘടകമായിട്ടാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള തുക സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിക്കായുള്ള സഹകരണ സംരംഭകത്വം പദ്ധതിക്കായി 2025-26 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 3000.00 ലക്ഷം രൂപയിൽ നിന്നും കണ്ടെത്തുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ഉൽപ്പാദനം, സംഭരണം, വിതരണം എന്നിവയ്ക്കായി പ്രത്യേക പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, സംഭരണം, വിതരണം എന്നിവയ്ക്കായി സഹകരണ വകുപ്പിന്റെ 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉപപദ്ധതിയാണ് 'ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ ഹബ്ബായി കേരളം'. സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിക്കായുള്ള |

| | | | |
|---|---|---|---|
| | | | സഹകരണ സംരംഭകത്വം (CITA) എന്ന പദ്ധതിയിൽ ഒരു ഉപഘടകമായിട്ടാണ് ഇത് ഉൾപ്പെടുത്തിയിട്ടുള്ളത്. നടീൽ വസ്തുക്കളുടെ വിതരണം, പഴവർഗങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കൽ, മൂല്യവർധിത യൂണിറ്റുകളുടെ രൂപീകരണം എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. ശേഷിയുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ (പി.എ.സി.എസ്) മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) | നേരിട്ടുള്ള വിപണനം സാധ്യമല്ലാതെ വരുന്ന അവസരങ്ങളിൽ കാർഷികോല്പന്നങ്ങളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കുന്നതിനും അവയെ സംസ്കരിച്ച് സൂക്ഷിക്കുന്നതിനും പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | ഉണ്ട്.<br><br>'സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനുള്ള സഹായം' പദ്ധതിയിലൂടെ ഉൽപ്പന്നങ്ങളുടെ, പ്രത്യേകിച്ച് സഹകരണ ഉത്പന്നങ്ങളുടെ സംഭരണം, ഉത്പാദനം, സംസ്കരണം തരംതിരിക്കൽ, ഗ്രേഡിംഗ്, വിപണനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നു. ടി പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 725.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ